# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5606** **02.07.2019-ൽ മറുപടിയ്ക്ക്**

**പ്രളയബാധിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പ്രളയദുരിതമനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേകസഹായം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) | പ്രളയദുരിതമനുഭവിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് വകുപ്പിൽ നിന്നും ആശ്വാസധനസഹായമായി **83,872** കുടുംബങ്ങൾക്ക് **5000/-**രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കാലവർഷക്കെടുതിമൂലം ദുരിതമനുഭവിച്ച അർഹരായ **3430** പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി **10,000/-**രൂപ വീതം നൽകിയിട്ടുണ്ട്. ഭക്ഷ്യേതര വസ്തുക്കൾ ജില്ലാതല ഉദ്യോഗസ്ഥൻമാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ എറണാകുളം ജില്ലയിൽ **43** പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽമെഷീനുകൾ, കളിമൺ നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ, സ്വയംതൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത അയ്യായിരം രൂപയും, പതിനായിരം രൂപയും പോലും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | അർഹതപ്പെട്ട എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വകുപ്പിൽനിന്നും അയ്യായിരം രൂപയും, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000/-രൂപയും വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രളയത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനും പുനരധിവസിപ്പി ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | (സി) | **പട്ടികജാതി വികസന വകുപ്പ്**<br>2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് പുനർനിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷംരൂപ ധനസഹായം നൽകുന്നു. ടി ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ആയത്തു പ്രകാരം 245 പേരെ ധനസഹായത്തിനായി തെരഞ്ഞെടുക്കുകയും 168 പേർക്ക് 1-ാം ഗഡുവും 121 പേർക്ക് 2-ാം ഗഡുവും 66 പേർക്ക് 3-ാം ഗഡുവും അനുവദിച്ചു നൽകിയിട്ടുണ്ട്. 22 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 3,64,80,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>കാലവർഷക്കെടുതിമൂലം 639 പട്ടികവർഗ്ഗക്കാർക്ക് വീട് നഷ്ടപ്പെട്ടിരുന്നു. ആയതിൽ 480 പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുകയും ഭവനനിർമ്മാണം ആരംഭിക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 180 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും, 4 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിൽപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പൂർണ്ണമായും തകർന്ന കോളനികളെ പുനരധിവസിപ്പിക്കുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്കും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ മതിൽമൂല, ചെട്ടിയാംപാറ, എന്നീ കോളനികളിലെ 25 കുടുംബങ്ങൾക്കും മറ്റ് കോളനികളിലെ 9 കുടുംബങ്ങളും ഉൾപ്പെടെ 34 കുടുംബങ്ങൾക്ക് 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി അനുവദിക്കുകയും ആയതിൽ നിന്നും 50 സെന്റ് വീതം ഭൂമി ഓരോ ഗുണഭോക്താവിനും അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ സ്ഥിരമായി പ്രളയം ബാധിച്ചിരുന്ന പ്രദേശത്ത് താമസിച്ചിരുന്ന 147 കുടുംബങ്ങൾക്ക് 14.7 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**